**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4372** **06-03-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ സംരംഭങ്ങളെ ഉയർത്തി ചെറുകിട സംരംഭങ്ങളാക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള എം.എസ്.എം.ഇ.കളിൽ സൂക്ഷ്മ സംരംഭങ്ങളെ ഉയർത്തി ചെറുകിട സംരംഭങ്ങളാക്കുന്നതിനും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളാക്കുന്നതിനുമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ചതാണ് "നിലവിലുള്ള എം.എസ്.എം.ഇ.കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം" എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് സ്ഥിര മൂലധനത്തിന്റെ 30% പരമാവധി 100 ലക്ഷം രൂപ വരെ Capital Investment Subsidy-ആയി നൽകുന്നു. ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്ന് വർഷം ബാങ്ക് വായ്പാ നിരക്കിൽ 8% പലിശയിളവ്, പരമാവധി 30 ലക്ഷം രൂപ നൽകുന്നു. ഇത് റീ ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (ബി) | പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉല്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. സ്ഥിര മൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ |

| | | | |
|---|---|---|---|
| | | | നിർബ്ബന്ധമല്ല. പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത് ഏതെങ്കിലും ധനകാര സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക മാത്രമാണ്. 01.01.2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന അപേക്ഷിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | നിലവിലുള്ള എം.എസ്.എം.ഇ-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങൾ ആയും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള സഹായ പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ